പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 272 — 12-10-2011- ൽ മറുപടിയ്ക്ക്

## കാർഷിക പാക്കേജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീമതി കെ.എസ്. സലീഖ : | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മലയോരജില്ലകളിൽ കാർഷിക പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്ര സഹായം തേടിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | എ) & ബി) | ഉണ്ട്.<br>സംസ്ഥാനത്ത് മലോയര ജില്ലയായ ഇടുക്കി ജില്ലയുടെ കാർഷിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി കേന്ദ്ര സർക്കാർ 2008 നവബമ്പർ 20 ന് ഇടുക്കി പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. കമ്മോഡിറ്റി ബോർഡ്, ഗ്രാമവികസനം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ഹോർട്ടിക്കൾച്ചർ വികസനം, ജലസേചനം, വനം, കൃഷി, മത്സ്യബന്ധനം എന്നീ മേഖലകളുടെ വികസനത്തിനാണ് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുള്ളത്. ഇതിനായി 397 കോടി രൂപയുടെ ഡി.പി.ആർ -കൾ കേന്ദ്രത്തിനു സമർപ്പിക്കുകയും ആയതിൽ 234 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ 103.76 കോടി രൂപ കേന്ദ്രം റിലീസ് ചെയ്തിട്ടുള്ളതും അതിൽ 65.45 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്. |
| ബി) ഇക്കാര്യത്തിൽ കേന്ദ്രം എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| സി) ഏതെല്ലാം മേഖലകളിലെ കാർഷിക പാക്കേജിന് അധിക സഹായം ലഭിക്കാനാണ് കേന്ദ്ര സഹായം അഭ്യർത്ഥിച്ചത്; | സി) | തോട്ടവിളകൾ, ഗ്രാമീണ ഗതാഗതം, മൃഗസംരക്ഷണം, നീർത്തറി വികസനം, ഹോർട്ടിക്കൾച്ചർ വികസനവും കൃഷിവകുപ്പും, ചെക്ക് ഡാമുകൾ, വനം വകുപ്പും മത്സ്യ കൃഷിയും മുതലായ മേഖലകളിലെ കാർഷിക പാക്കേജിന് അധിക സഹായം ലഭിക്കാനാണ് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി) | വിദർഭ മാതൃകയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ കാർഷിക പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാനം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | ഡി) | വിദർഭ മാതൃകയിലുള്ള കാർഷിക പാക്കേജിൽ വയനാട്, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇടുക്കി ജില്ല വിദർഭ മാതൃക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ല. വിദർഭ മാതൃകയിൽ പാലക്കാട്, വയനാട്, കാസറഗോഡ് ജില്ലകളിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

വിദർഭ മാതൃകയിൽ പാലക്കാട്, വയനാട്, കാസറഗോഡ് ജില്ലകളിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള എക്സ്ഗ്രേഷ്യാ സഹായത്തിൽനിന്ന് 50,000/- രൂപ വീതം വയനാട് ജില്ലയിൽ 1665 പേർക്കും, പാലക്കാട് ജില്ലയിൽ 1641 പേർക്കും, കാസർഗോഡ് ജില്ലയിൽ 1741 പേർക്കും വിതരണം ചെയ്തിട്ടുണ്ട്.

പലിശയിളവ് പദ്ധതിപ്രകാരം വയനാട് ജില്ലയിൽ 88.39 കോടി രൂപയും, പാലക്കാട് ജില്ലയിൽ 79.8 കോടി രൂപയും കാസർഗോഡ് ജില്ലയിൽ 58.43 കോടി രൂപയും പലിശയിളവ് ചെയ്തത് ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്.

വൻകിട ജലസേചന പദ്ധതിയിൻകീഴിൽ വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതിയും പാലക്കാട് ജില്ലയിലെ മലമ്പുഴ, ചിറ്റൂർ പുഴ, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളുടേയും വികസനത്തിനും നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായി 13.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മലമ്പുഴ പദ്ധതിയുടെ കീഴിൽ വരുന്ന 74 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആറ് പ്രവൃത്തികൾ നടന്നുവരുന്നു. ചിറ്റൂർപുഴ പദ്ധതിയുടെ കീഴിൽ 6 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് 78 പ്രവൃത്തികൾ നടന്നുവരുന്നു. കാഞ്ഞിരപ്പുഴ പദ്ധതിയുടെ കീഴിൽ 126 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്, 31 എണ്ണം നടന്നുവരുന്നു.

ചെറുകിട ജലസേചന പദ്ധതിപ്രകാരം വയനാട് ജില്ലയിൽ 45 പദ്ധതികൾക്കും പാലക്കാട് 14 പദ്ധതികൾക്കും, കാസർഗോഡ് ജില്ലയിൽ 16 പദ്ധതികൾക്കും RIDF XIII – ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 66 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 7 എണ്ണം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ RIDF XVI

– ൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ 17 ഉം പാലക്കാട് ജില്ലയിൽ 10 ഉം കാസർഗോഡ് ജില്ലയിൽ 35 ഉം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സംയോജിത നീർത്തട വികസന പദ്ധതിയുടെ കീഴിൽ നബാർഡ് മുഖേന വയനാട് ജില്ലയിൽ 56 ഉം (30,839 ഹെക്ടർ) പാലക്കാട് ജില്ലയിൽ 45 ഉം (30,887 ഹെക്ടർ) കാസർഗോഡ് ജില്ലയിൽ 35 ഉം (30,351 ഹെക്ടർ) പ്രോജക്റ്റുകൾ പുരോഗതിയിലാണ്. ഇത് കൂടാതെ IWMP യുടെ കീഴിൽ പാലക്കാട് ജില്ലയിൽ 4 ഉം (17839 ഹെക്ടർ), വയനാട് ജില്ലയിൽ 3 ഉം (17560 ഹെക്ടർ), കാസർഗോഡ് ജില്ലയിലും ഉം (16738 ഹെക്ടർ) പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

തടയണനിർമ്മിക്കൽ പദ്ധതിപ്രകാരം വയനാട് ജില്ലയിൽ നടപ്പാക്കുന്നതിനായി മണ്ണ് സംരക്ഷണ യൂണിറ്റ് സമർപ്പിച്ച 13 നീർത്തട പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ പാലക്കാട്, കാസർഗോഡ് ജില്ലകളിലായി 47 പദ്ധതികൾ നടപ്പാക്കുന്നതിന് RIDF XVI ൻ കീഴിൽ അംഗീകാരം നൽകിയിട്ടുണ്ട്.

മൈക്രോ ഇറിഗേഷൻ പദ്ധതിപ്രകാരം വയനാട് ജില്ലയിൽ 51.64 ഹെക്ടർ സ്ഥലത്തും പാലക്കാട് ജില്ലയിൽ 1049.82 ഹെക്ടറിലും കാസർഗോഡ് ജില്ലയിൽ 102.08 ഹെക്ടറിലും ഡ്രിപ്പ് ഇറിഗേഷനും വയനാട് ജില്ലയിൽ 340 ഹെക്ടർ സ്ഥലത്തും പാലക്കാട് ജില്ലയിൽ 244 ഹെക്ടറിലും കാസർഗോഡ് ജില്ലയിൽ 211.43 ഹെക്ടറിലും സ്പ്രിംഗ്ലർ ഇറിഗേഷനും നടപ്പിലാക്കിയിട്ടുണ്ട്.

ഹോർട്ടിക്കൾച്ചർ വികസനപദ്ധതിയിൻകീഴിൽ പുതിയ നഴ്സറികൾ സ്ഥാപിക്കൽ, പച്ചക്കറി കൃഷി വ്യാപനം തണൽ വലകൾ സ്ഥാപിക്കൽ, ജൈവകൃഷി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, ജൈവ സർട്ടിഫിക്കേഷൻ, സംയോജിത കീട നിയന്ത്രണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

കർഷകരുടെ ആത്മഹത്യാ പ്രവണത ഒഴിവാക്കുന്നതിലേയ്ക്കായി കർഷകർക്ക് ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ എക്സ്റ്റൻഷൻ സർവ്വീസ് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 163 ഉം പാലക്കാട് ജില്ലയിൽ 568 ഉം, കാസർഗോഡ് ജില്ലയിൽ 269 ഉം കർഷക കൗൺസിലിങ്ങുകൾ നടത്തിയിട്ടുണ്ട്.

മൃഗ സംരക്ഷണമേഖലയിൽ കന്നുകുട്ടി പരിപാലനം, സൗജന്യനിരക്കിൽ തീറ്റ വിതരണം, സൗജന്യ കൃത്രിമ ബീജസംഗലനം, പ്രജനനം സംബന്ധിച്ച സേവനങ്ങൾ, ആരോഗ്യ പരിപാലനം, പാൽ ശീതീകരണ പ്ലാന്റ് സ്ഥാപനം എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഇതുവരെ 8972 പശുക്കളെ വിതരണം ചെയ്യുകയും 4500 കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുകയും ചെയ്തിട്ടുണ്ട്. 1219880 മൃഗങ്ങൾക്ക് കൃത്രിമ ബീജസംഗലനം നടത്തിയിട്ടുണ്ട്.

മത്സ്യകൃഷി മേഖലയിൽ വയനാട് ജില്ലയിൽ 39.37 ഹെക്ടറിൽ മത്സ്യകൃഷി നടപ്പാക്കിയതുവഴി 1285 പേർക്കും പാലക്കാട് ജില്ലയിൽ 321.18 ഹെക്ടറിൽ മത്സ്യകൃഷി നടപ്പാക്കിയതുവഴി 597 പേർക്കും കാസർഗോഡ് ജില്ലയിൽ 14.31 ഹെക്ടറിൽ മത്സ്യകൃഷി നടപ്പാക്കിയതുവഴി 480 പേർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ